| പതിനാലാം കേരള നിയമസഭ | |
|---|---|
| രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.95 | 26/09/2016 ൽ മറുപടിക്ക് |
| ഭരണം അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനായി നടപടി | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.ബാബു<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.ഡി.കെ.മുരളി | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) | |
| (എ) | സംസ്ഥാന ഭരണം അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | "അഴിമതി രഹിത കേരളം" എന്ന ആശയം ഉൾക്കൊണ്ടു കൊണ്ട് സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ഒരു സ്വതന്ത്ര ഏജൻസിയായി പ്രവർത്തന സജ്ജമാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിയമപരവും നീതിപൂർവ്വവുമായ പ്രവർത്തനം ഉറപ്പാക്കി കൊണ്ടാണ് ബ്യൂറോ പ്രവർത്തിക്കുന്നത്.<br>അഴിമതിയ്ക്ക് സാധ്യതയുള്ളതും ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടുന്നതുൾപ്പെടെയുള്ള സമസ്ത മേഖലകളിലും ഇടപ്പെട്ടു കൊണ്ട് സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടാകുന്ന തരത്തിലുള്ള അഴിമതികളെ ചെറുക്കാനും വിജിലൻസിന്റെ സഹകരണം തേടുന്ന രീതിയിലുള്ള കർമ്മ പദ്ധതികൾക്ക് തുടക്കം കുറിക്കും.<br>കുറ്റാന്വേഷണത്തിൽ പരിപാലിക്കേണ്ട രഹസ്യാത്മകമായ വിവരങ്ങൾ ഒഴിച്ച് മറ്റ് എല്ലാ ഘട്ടങ്ങളിലും സുതാര്യത ഉറപ്പുവരുത്തി കൊണ്ടാവും പ്രവർത്തിക്കുക. |
| (ബി) | നിലവിലുള്ള അഴിമതിക്കേസുകളെ സംബന്ധിച്ച് സർക്കാരിന്റെ സമീപനം എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | അഴിമതിക്കേസുകളുമായി ബന്ധപ്പെട്ട് കോടതികളിൽ നിന്നുണ്ടാകുന്ന ഉത്തരവുകൾ പ്രാവർത്തികമാക്കുമെന്ന് ഉറപ്പ് വരുത്തുകയും എന്നാൽ ഏതെങ്കിലും കാരണത്താൽ അത്തരത്തിലുള്ള ഉത്തരവുകൾ നിയമപരമോ നീതിയുക്തമോ അല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ യുക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. അതോടൊപ്പം എല്ലാ അഴിമതിക്കേസ്സുകളിലും നിയമപരവും നീതിപൂർവ്വവുമായ അന്വേഷണവും തുടർനടപടികളും ഉറപ്പാക്കുന്നതുമാണ്. |
| (സി) | ഏതെല്ലാം അഴിമതിക്കേസുകളിലാണ് മന്ത്രിമാർ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | അഴിമതിക്കാർക്കെതിരെ അസന്നിദ്ധമായ നിലപാട് സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ? | (ഡി) | അഴിമതിക്കെതിരെ അസന്നിദ്ധമായ നിലപാട് സ്വീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പാക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കേരളത്തിലുടനീളം ബ്രോയ് ലർ ചിക്കൻ ബിസിനസ് നടത്തുന്ന തോംസൺ ഗ്രൂപ്പിനെയും ശ്രീധരീയം ആയുർവേദിക് മെഡിസിൻ പ്രൈവറ്റ് ലിമിറ്റഡിനെയും മറ്റും സഹായിച്ചു എന്ന ആരോപണം സംബന്ധിച്ച് ശ്രീ.കെ.എം.മാണി, മുൻ ധനകാര്യ നിയമ വകുപ്പ മന്ത്രിയ്ക്കെതിരെ ഒരു സത്വരാന്വേഷണം നടത്തുകയും തുടർന്ന് വി.സി.20/2016/സി.ആർ.ഇ./ഫിൻ നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി.

ചങ്ങനാശ്ശേരിയിലെ ലെഡ് ഓക്സൈഡ് വ്യാപാരിയോട് ശ്രീ.കെ.എം.മാണി, മുൻ ധനകാര്യ നിയമവകുപ്പ മന്ത്രി ആയിരിക്കെ സ്വജനപക്ഷപാതം കാണിച്ചു എന്ന ആരോപണം സംബന്ധിച്ച് ഒരു പ്രാഥമികാന്വേഷണം നടത്തി തുടർന്ന് വി.സി.04/2016/കെ.റ്റി.എം./ഫിൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്യുകയുണ്ടായി.

ബാർ കോഴ ആരോപണം സംബന്ധിച്ച് ശ്രീ.കെ.എം.മാണി, മുൻ ധനകാര്യ നിയമ വകുപ്പ മന്ത്രിയ്ക്കെതിരെ ഒരു സത്വരാന്വേഷണം നടത്തുകയും തുടർന്ന് വി.സി.06/2014/എസ്.ഐ.യു.1/എക്സൈസ് നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി.

ബാർ കോഴ ആരോപണം സംബന്ധിച്ച് മുൻ എക്സൈസ് വകുപ്പ മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ഒരു സത്വരാന്വേഷണം നടത്തി തുടർന്ന് വി.സി.05/2016/സി.ആർ.ഇ./എക്സൈസ് നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് ശ്രീ.കെ.ബാബു, മുൻ എക്സൈസ് വകുപ്പ മന്ത്രി വി.സി.17/2016/എസ്.സി.ഇ. നമ്പർ വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുണ്ട്.

മുൻ റവന്യൂ കയർ മന്ത്രിയായിരുന്ന ശ്രീ.അടൂർ പ്രകാശ്, മുൻ വ്യവസായ / ഐ.റ്റി. മന്ത്രി ശ്രീ.കുഞ്ഞാലിക്കുട്ടി എന്നിവർക്കെതിരെ വി.സി.05/2016/എസ്.ഐ.യു. II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ